കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഉദയഗിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/19/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 14-02-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

ഉദയഗിരി ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : ഉദയഗിരി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഉദയഗിരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി6/19/2019 തീയ്യതി : 14-02-2019

## കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2017-18.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04-07-2017. മുതൽ 08.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ എം.പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10 .12.2018. മുതൽ 24.12.2018 വരെ |
| ഓഡിറ്റ് നടത്തിയ | 1.ശ്രീ.സത്യാനന്ദൻ സി.വി, ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ഉദ്യോഗസ്ഥർ | 2.ശ്രീ ഷൈജു മാത്യു,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (22-02-2019 മുതൽ ) |
| | 3.ശ്രീമതി സബിത കെ , ഓഡിറ്റർ (23-02-2019 വരെ) |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി മിനി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ പ്രകാശൻ എ വി | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

.നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ സുനീഷ് കെ | 01/04/2017 മുതൽ-31/08/2017 വരെ |
| | ശ്രീ അനൂപ് ആർ എൽ | |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ പ്രശാന്ത് എം ടി (താത്കാലിക നിയമനം) | 01/04/2016 മുതൽ-14-8-2017 വരെ |
| | ശ്രീ ജാക്സൺ ജോസഫ് | 16-08-2017 മുതൽ-31-03-2018 വരെ |
| സീനിയർ വെറ്റിനറി സർജൻ, ഉദയഗിരി | ഡോ.ബിജോയ് വർഗ്ഗീസ് | 01-04-2017 മുതൽ-31-03-2018 വരെ |
| വി.ഇ.ഒ ഉദയഗിരി സർക്കിൾ | ശ്രീ മുഹമ്മദ് ബഷീർ | 01-04-2017 മുതൽ-31-03-2018 വരെ |
| വി.ഇ.ഒ മണക്കടവ് സർക്കിൾ | ശ്രീ പ്രദീപ് എ ആർ | 01-04-2017 മുതൽ-31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ഉദയഗിരി) | ഡോ. ഷൈലജ വർമ്മ | 01-04-2017 മുതൽ-31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ | 01-04-2017 മുതൽ- |

| | | |
|---|---|---|
| | പങ്കജാക്ഷൻ സി കെ | 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി നളിനമ്മ കെ ജി | 01/04/2017മുതൽ 31/03/2018 വരെ |
| ഹെഡ് മാസ്റ്റർ ഗവ. യു പി എസ് പൂവഞ്ചാൽ | ശ്രീ ജോസഫ് മാത്യു | 01-04-2017 മുതൽ-31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ സിമി എം കെ | 01-04-2017 മുതൽ-31-03-2018 വരെ |

## ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

21.03.2017തീയതിയിലെ 42/17 തീരുമാന പ്രകാരം ബജറ്റ് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചു. 2016-17ലെ പുതുക്കിയ ബജറ്റ് 60/17(1) തീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭബാക്കി | 708778.00 |
| പ്രതീക്ഷിത വരവ് | 118555000.00 |
| ആകെ വരവ് | 119263778.00 |
| പ്രതീക്ഷിത ചെലവ് | 118096500.00 |
| നീക്കിയിരിപ്പ് | 1167278.00 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് .എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച ബജറ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണമെന്നും മാർച്ച് 31നകം പസ്സാക്കണമെന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1(എ) 1 നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആദ്യ ആഴ്ച കഴിഞ്ഞതിന് ശേഷം ( 21-3-2017 ൽ) മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. അന്ന് തന്നെ ബജറ്റ് പാസ്സാക്കുകയും ചെയ്തു. ബജറ്റ് ഒരേ ദിവസം തന്നെ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യുമ്പോൾ അംഗങ്ങൾക്ക് ബജറ്റ് പഠിച്ച് വിശദമായി ചർച്ചചെയ്യുവാനുള്ള സാവകാശം ലഭിക്കാതെ വരികയും തന്മൂലം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത നിർദ്ദേശങ്ങൾ കടന്നുകൂടാൻ സാധ്യത ഉണ്ടാവുകയും ചെയ്യുന്നതാണ്. ബജറ്റ് 21-3-2017 ന് ഭരണസമിതി യോഗത്തിൽ പാസ്സാക്കിയിട്ടുണ്ടെങ്കിലും ഉപവകുപ്പ് -1(എ) 7 പ്രകാരം ബജറ്റിന്റെ പകർപ്പ് ഓഡിറ്റിന് അയച്ചുകൊടുക്കേണ്ടതാണെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന സമിതി എന്ന നിലയിൽ വകുപ്പ് 162 -ബി പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റിയറിംഗ് കമ്മിറ്റി മേൽ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 19-05-2018 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28-06-18, 29-06-18 | കെ.എസ്.എ/ കെ.എൻ.ആർ/സി 13-1357/2018 തീയ്യതി. 07-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10282976 |
| വരവ് | 74131842 |
| ആകെ | 84414818 |
| ചെലവ് | 74449401 |
| നീക്കിയിരിപ്പ് | 9965417 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14347000 | 14347000 | 12894535 | 1452465 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4244406 | 4244406 | 3482266 | 762140 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 45981 | 45981 | 45981 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 14408321 | 14408321 | 11179261 | 3229060 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3343000 | 3343000 | 2471314 | 871686 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6775728 | 6775728 | 6775728 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 13159747 | 13159747 | 12174525 | 985222 |
| സാക്ഷരത | | 870 | 106 | 976 | 0 | 976 |
| ദുരിതാശ്വാസനിധി | | 1251 | 920 | 2171 | 0 | 2171 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 12455193 | 12455193 | 12445193 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 99500 | 562712 | 662212 | 662212 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ടി എസ് സി | | 25000 | 103320 | 128320 | 103320 | 25000 |
| എസ്.എസ്.എ | | 0 | 0 | 0 | 0 | 0 |
| ഐ.സി.ഡി.എസ് | | 455996 | 596733 | 1052729 | 474900 | 577829 |
| പൈക്ക | | 0 | 0 | 0 | 0 | 0 |
| എൽ.എ.ഡി.എഫ്. എംപി | | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| കേരളോൽസവം | | 0 | 0 | 0 | 0 | 0 |
| തൊഴിൽ രഹിത വേതനം | | 0 | 18600 | 18600 | 18600 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | 0 | 120000 | 120000 | 120000 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 26739700 | 26739700 | 26739700 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | | 0 | 3198400 | 3198400 | 3198400 | 0 |
| വിധവ പെൻഷൻ | | 0 | 6785500 | 6785500 | 6785500 | 0 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | | 0 | 262600 | 262600 | 262600 | 0 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | | 0 | 2410900 | 2410900 | 2410900 | 0 |
| | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 520500 | 520500 | 370500 | 150000 |
| | ജില്ലാ പഞ്ചായത്ത് * | 0 | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 7465153 | 7465153 | 69153 | 7396000 |
| തനത് ഫണ്ട് ** | | | | | | |
| മറ്റിനം | | 0 | 0 | 0 | 0 | 0 |

** പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതുകൊണ്ട് തനത് ഫണ്ട് അക്കൗണ്ടിന്റെ കൃത്യമായ കണക്ക് ലഭ്യമല്ലാത്തതിനാൽ പട്ടികയിൽ ചേർത്തിട്ടില്ല.

## 1-6 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ വിവരം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 209* | 93604707 | 149 | 62206689 | 0 | 60 | 138 | 60.02 |

*ഡി.പി.സി അംഗീകാരത്തിന് സമർപ്പിച്ച 209 പ്രോജക്ടുകളിൽ താഴെ കൊടുത്ത മൂന്ന് പ്രോജക്ടുകൾ

ഒഴിവാക്കിയാണ് അംഗീകാരം ലഭിച്ചത്.

1. മണക്കടവ് കുരിശ്ശുമല ആനക്കുഴി റോഡ് ടാറിംഗ്

2. കോഴിത്താവളം കുട്ടൻ കവല കുടിവെള്ള പദ്ധതി

3. തേനീച്ച കൃഷി

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 99500 | 562712 | 662212 | 662212 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12445193* | 12445193 | 12445193 | 0 |
| ആകെ | 99500 | 13007905 | 13107405 | 13107405 | 0 |

*ആകെ വരവിൽ 1372500രൂപ 2016-17ലെ തൊഴിലാളികളുടെ കൂലിയിനത്തിൽ ലഭിക്കേണ്ട തുകയാണ്. പ്രസ്തുത തുക 2017-18 ലാണ് ലഭിച്ചത്.

തൻവർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം ഇനംതിരിച്ച് ചുവടെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി തരം | എണ്ണം | |
|---|---|---|---|
| 1 | മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ | 159 | 71855793 |
| 2 | ഭൂവികസന പ്രവൃത്തികൾ | 51 | 2958000 |
| 3 | കിണർ നിർമ്മാണം | 17 | 71400 |
| 4 | വ്യക്തിഗത കക്കൂസ് നിർമ്മാണം | 12 | 96000 |
| 5 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 0 | 0 |
| 6 | നഴ്സറി നിർമ്മാണം | 1 | 118900 |
| | ആകെ | 240 | 11072693 |

## 1-8 ക്ഷേമ പദ്ധതികൾ ക്ഷേമ പദ്ധതികൾ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18600 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 3198400 | 269 |
| വിധവാപെൻഷൻ | 6785500 | 574 |
| വാർദ്ധക്യകാലപെൻഷൻ | 26739700 | 1975 |
| വികലാംഗപെൻഷൻ | 2410900 | 199 |
| അവിവാഹിത പെൻഷൻ | 262600 | 22 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.03.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1400 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ഫയലുകളടെയും , രജിസ്റ്ററുകളുടെയും , കണക്കുകളുടെയും രേഖകളുടെയും തയ്യാറാക്കലും സൂക്ഷിപ്പും കുറ്റമറ്റ രീതിയിലാക്കുന്നതിനും വേണ്ടിയും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനുവേണ്ടിയും 02-11-2009 ലെ ഓഫീസ് ഉത്തരവ് നമ്പർ 18/2009 പ്രകാരം ഉദയഗിരി ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ഔദ്യോഗിക ജോലികളും ഉത്തരവാദിത്തങ്ങളും നിശ്ചയിച്ച് ചുമതല വിഭജനം നടത്തിയിട്ടുണ്ട്. ഓരോ സെക്ഷന്റെയും സൂപ്പർ വൈസറി ഓഫീസർ മാരുടെയും ചുമതല വ്യക്തമായി വിഭജിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് വിവിധ ഘട്ടങ്ങളിലായി ജീവനക്കാരുടെ സ്ഥലം മാറ്റം, അധിക ചുമതലകൾ നൽകൽ എന്നിവ പരിഗണിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് . ജീവനക്കാർ പേർസണൽ രജിസ്റ്റർ എഴുതി വരുന്നുണ്ടെങ്കിലും തപ്പാലുകളുടെ തുടർനിരീക്ഷണം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. മാസാന്ത്യം രജിസ്റ്ററിൽ അബ്സ്ട്രാക്റ്റ് എഴുതി സൂപ്പർവൈസറി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഓഫീസ് ഉത്തരവ് പ്രകാരം പേഴ്സണൽ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനുള്ളചുമതല ആർക്കും നൽകിയിട്ടില്ല. ത.സ്വ.ഭ.വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/ പിഎ3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയരക്ടർ 18.1.2007 ൽ എച്ച്1/13880/2006 ആയി പുറപ്പെടുവിച്ച പ്രത്യേക കത്തിലെ നിർദ്ദേശാനുസരണം സെക്രട്ടറി പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർക്കേണ്ടതും പ്രസ്തുത യോഗത്തിൽ ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തേണ്ടതുമാണ്. എന്നാൽ പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് കൃത്യമായി ചേർന്നിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ മിനുടസ് പ്രകാരം 2017-18 വർഷത്തിൽ ആകെ 2 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത് (26.9. 17, 23.12.17). എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ സെക്യൂരിറ്റി രജിസ്റ്റർ, വർക്ക് ബിൽ രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തുന്നില്ല. മുഴുവൻ രജിസ്റ്ററുകളും കാലികമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-02-19 | 12/2018, 01/2019 | 2-03-19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-02-11മുതൽ 01-03-11 വരെ | 2005-06 മുതൽ 2009-10 വരെ | 04-04-11 |

## 1-12 ഗ്രാമസഭ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 അനുസരിച്ച് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട്. എന്നാൽ ഉദയഗിരി ഗ്രാമ പഞ്ചായത്തിലെ പതിനഞ്ച് വാർഡുകളുടെ ഗ്രാമ സഭായോഗങ്ങൾ 4/17, 7/17, 11/17 എന്നിങ്ങനെ മൂന്ന് തവണകളാണ് ചേർന്നിട്ടുള്ളത്. ശരാശരി ഹാജർ നിലയാകട്ടെ പത്ത് ശതമാനത്തിനും പതിനൊന്ന് ശതമാനത്തിനും ഇടയിലാണ്. ഇപ്പോഴും 89% ജനങ്ങളും ഗ്രാമസഭായോഗങ്ങളിൽ പങ്കെടുക്കുന്നതിൽ വിമുഖരാണ്. പങ്കെടുക്കുന്നതിൽ മഹാ ഭൂരിപക്ഷവും സ്ത്രീകളാണ്. പുരുഷൻമാരുടെ പങ്കാളിത്തം തുലോം കുറവാണ്. മൂന്നുമാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ ചേരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങൽ കാര്യക്ഷമമായും

ഫലപ്രദമായും ചിട്ടയായും നടത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ച് നടപ്പാക്കുന്നത് ഉചിതമായിരിക്കും –

1.വാർഡ് തലത്തിൽ ഓരോ തവണയും സംഘാടക സമിതി രൂപീകരിച്ച് പ്രചരണ-സംഘാടന പ്രവർത്തനം നടത്തണം

2. യോഗത്തിന്റെ ഏഴ് ദിവസം മുമ്പെങ്കിലും വീടുകളിൽ നോട്ടീസ് നൽകി ഒപ്പിട്ട് വാങ്ങണം.

3. സാധ്യമായ എല്ലാ രീതിയിലും പ്രചരണം നടത്തണം.

ഗ്രാമ സഭാ സംഘാടനം പഞ്ചായത്ത് മെമ്പറുടെ പ്രധാപ്പെട്ട ചുമതലയായെടുത്ത് ഭൂരിപക്ഷം അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധ്യമായ പ്രവർത്തനം നടത്തേണ്ടതാണ്.

## 1-13 പൗരാവകാശ രേഖ

പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 272 എ അനുസരിച്ച് എല്ലാ പഞ്ചായത്തുകളും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. പൗരാവകാശ രേഖ എന്നാൽ, പഞ്ചായത്ത് പ്രദേശത്ത് താമസ്സിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും ,അതുപ്രകാരം അവർക്ക് അർഹമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും അവ ലഭ്യമാകുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന പത്രികയാണ്. 2017-18 വർഷത്തിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

## 1-14 ആസൂത്രണ സമിതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 16 അംഗങ്ങളടങ്ങിയ ആസൂത്രണസമിതി പഞ്ചായത്ത് തലത്തിൽ 21-01-17ലെ ഭരണ സമിതി തീരുമാനം നമ്പർ 7/17(1) പ്രകാരം രൂപീകരിച്ചിട്ടുണ്ട് . 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് 3 തവണ സമിതി യോഗം ചേർന്നിട്ടുണ്ട്. മിനുട്സിലെ രേഖപ്പെടുത്തലുകൾ പലപ്പോഴും ഭാഗീകമാണ്. പൊതുവെ മിനുട്സ്സിൽ അജണ്ട, ചർച്ചകൾ, തീരുമാനങ്ങൾ എന്നിവയിടെ രേഖപ്പെടുത്തലുകൾ അപൂർണമാണ്. ആസൂത്രണ സമയ വിവര പട്ടികയനുസ്സരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിലും നടപ്പാക്കുന്നതിലും ഭരണസമിതിയെ സഹായിക്കുന്നതിൽ ആസൂത്രണ സമിതി വിജയിച്ചിട്ടില്ല. 2017-18 വാർഷിക പദ്ധതിയുടെ 66.45% പദ്ധതികൾ മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചത്. ആസൂത്രണ സമിതിയുടെ കൃത്യമായ ഇടപെടലും സാങ്കേതിക സഹായവും പദ്ധതി നിർവ്വഹണത്തിൽ ആവശ്യമാണ്.

## 1-15 വർക്കിംഗ് ഗ്രൂപ്പുകൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 12 വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പിലെ പരമാവധി അംഗസംഖ്യ 15 ആണ്. നടപ്പു വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ ആറു വീതം യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗമിനുട്സ്സിൽ അജണ്ട, ചർച്ചകൾ, എന്നിവ രേഖപ്പെടുത്തുന്നില്ല. അദ്ധ്യക്ഷൻ തീരുമാനങ്ങൾക്ക് ചുവടെ ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്താത്ത അവസരങ്ങളും കാണുന്നുണ്ട്. ഇത്തരം അപാകങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സ്റ്റാറ്റസ്സ് റിപ്പോർട്ടിൽ പരാമർശ്ശിച്ച തൽ സ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ കുറച്ചുമാത്രമേ രൂപീകരിക്കപ്പെട്ടിട്ടുള്ളൂ. വികസന സെമിനാറിലെ ഗ്രൂപ്പ് ചര്ച്ചയിൽ സ്റ്റാറ്റസ്സ് റിപ്പോർട്ടിൽ പരാമർശ്ശിച്ച പ്രശ്നങ്ങൾ കേന്ദ്രീകരിച്ച് ചർച്ചകൾ നയിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 മോണിറ്ററിംഗ്കമ്മിറ്റി

മോണിറ്ററിംഗ് കമ്മിറ്റിക്ക് കൺവീനർമാരെ 29-6-17 ലെ 6/145/2017നമ്പർ തീരുമാന പ്രകാരം ഭരണസമിതി നിശ്ചയിച്ചിട്ടുണ്ട് . എന്നാൽ നടപടി ഉത്തരവായി സെക്രട്ടറി പ്രസിദ്ധീകരിച്ചതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.മോണിറ്ററിംഗ് റിപ്പോർട്ടുകൾ പ്രോജക്ട് ഫയലിൽ ലഭ്യമാണെങ്കിലും മോണിറ്ററിംഗ് കമ്മിറ്റി

മിനുടസ്സ് ലഭ്യമാക്കിയിട്ടില്ല.

## 1-17 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയസോഫ്റ്റ് വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക ഡിമാന്റ്, കളക്ഷൻ ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല
3. ഡെപ്പോസിറ്റ് മുന്നിരിപ്പ്, തൻവർഷ വരവും തിരികെ നൽകിയതും നിക്കിയിരുപ്പ് തമ്മിൽ പൊരുത്തപ്പെടുന്നില്ല
4. തനത് ഫണ്ട് സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ടിൽ നിന്നും 29/03/18 ന് 5013325 രൂപ പിൻ വലിക്കുകയും ആയത് 07/04/18 ന് തിരികെ ക്രഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക പിൻവലിച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. NREGA ൽ റസീറ്റ് & പേമെൻറ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നിക്കിയിരുപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.
6. B -9 പ്രകാരം ഇൻകം ടാക്സ്, പെൻഷൻ കോൺട്രിബ്യൂഷൻ ഇനങ്ങളിലെ തുക ബന്ധപ്പെട്ട വൌച്ചറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല
7. B – 11 ഷെഡ്യൂളിലെ ആസ്തി സംബന്ധിച്ച വിവരം പരിശോധിക്കുന്നതിനായി ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
8. Pension for Unmarried Women എന്ന ഇനത്തിൽ വാർഷി ധനകാര്യ പത്രിക പ്രകാരമുള്ള വരവും ചെലവും ബന്ധപ്പെട്ട എ.സി.ആർ ലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

## 2-1 ഇ ടെൻഡർ ഫോറം വില ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

2017-18 വർഷത്തെ മരാമത്ത് പ്രവർത്തികൾ ഇ-ടെൻഡർ നടത്തിയതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൌണ്ടിൽ നിന്നും ടെണ്ടർ ഫോറം വിലയിനത്തിൽ ഉദയഗിരി ഗ്രാമപഞ്ചായത്തിലേക്ക് ലഭിക്കേണ്ട തുകയെത്രയെന്നും ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും വിവരങ്ങൾ ലഭിക്കുകയുണ്ടായില്ല.ഈ ഇനത്തിൽ നാളിതുവരെ ലഭിക്കുന്നതിനുള്ള തുക കണക്കാക്കി ആയത് ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പത്രപരസ്യത്തിന് അധിക നിരക്ക് നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

20.11.2015-ലെ ജി.ഒ.(ആർ.ടി.)551/2015/പി.ആർ.ഡി ഉത്തരവു പ്രകാരം മലയാള മനോരമയിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് SCM ന്ന് ₹65.18 രൂപയും(കണ്ണൂർ എഡിഷൻ) മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കുന്നതിന് SCMന് ₹91.75രൂപയുമാണ്(കണ്ണൂർ എഡിഷൻ) പരസ്യ ചാർജ്.എന്നാൽ 2017-18 വർഷത്തിൽ ഈ പത്രങ്ങൾക്ക് പരസ്യ ചാർജ് നൽകിയിരിക്കുന്നത് SCMന് മല യാള മനോരമക്ക് ചതുരശ്ര സെന്റീമീറ്ററിന് ₹195നും മാതൃഭൂമിക്ക് ₹255 നും ആണ്. പത്രപ്പരസ്യചെലവിനത്തിൽ മുകളിൽ പറഞ്ഞ രണ്ട് പത്രങ്ങൾക്കുമായി 2017-18 വർഷത്തിൽ ആകെ 31986രൂപ ചെലവഴിച്ചിട്ടുണ്ട്.

അധികം നൽകിയ നിരക്കുകളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| പത്രത്തിന്റെ പേര്. | പരസ്യം പ്രസിദ്ധീകരിച്ച തിയ്യതി. | പരസ്യത്തിന്റെ അളവ്(ച.സെ.മീ). | നിരക്ക്. | ആകെ തുക | വൌച്ചർ നം/തിയ്യതി. |
|---|---|---|---|---|---|
| മാതൃഭൂമി. | 28.3.2017 | 48 | 255 | 12240 | 21700035/19.4.2017 |
| | 25.1.2018 | 27 | 255 | 6120 | 21700767/25.1.2018 |

മേൽപറഞ്ഞ വിധം ഉയർന്ന നിരക്കിൽ പരസ്യങ്ങൾ നൽകിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(.4/26.2.2019)വരുംവർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി.മാതൃഭൂമി ദിനപത്രവുമായി ബന്ധപ്പെട്ട് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഭാവിയിൽ സർക്കാർ ഉത്തരവ് അനുസരിച്ചുള്ള തുക മാത്രം പരസ്യ ചാർജ്ജായി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ടെൻഡർ രേഖകൾ ലഭ്യമാക്കിയിട്ടില്ല-ബിറ്റുമിൻ കൺവെയൻസിന് ചെലവഴിച്ച 122846 തടസ്സപ്പെടുത്തുന്നു.

എറണാകുളം ബി.പി.സി.എൽ ൽനിന്നും ഉദയഗിരി ഗ്രാമപഞ്ചായത്തിൽ ബിറ്റുമിൻ എത്തിക്കുന്നതിനുള്ള ചെലവിനത്തിൽ 122846രൂപ തനത് ഫണ്ടിൽനിന്നും വൗച്ചർ നം.2170058/29.4.2017പ്രകാരം കെ.എസ്.എഫ്.&കമ്പനി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.2016-17വർഷത്തെ റോഡ് ടാറിംഗ് പ്രവർത്തികൾക്കായുള്ള ബിറ്റുമിൻ എത്തിച്ചതിന്റെ ചെലവിനത്തിലാണ് തുക നൽകിയിരിക്കുന്നത്.ഇത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കാത്തതിനാൽ 122846തടസ്സപ്പെടുത്തുന്നു.

(1)ടെൻഡർ ക്ഷണിച്ചതിന്റെയും അംഗീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

ബിറ്റുമിൻ കൺവെയൻസിനുവേണ്ടി ടെൺഡർ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ,ലഭിച്ച ടെണ്ടറുകൾ,ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ,ടെൻഡർ അംഗീകരിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം,കരാർ ഉടമ്പടി, പ്രവർത്തി നടപ്പാക്കുന്നതിനുള്ള ഓർഡർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ തന്നെ കെ.എസ്.എഫ്&കമ്പനിയെ ഇതിനായി തെരഞ്ഞെടുത്തത് ശരിയായ രീതിയിലാണോ എന്നും നൽകിയിരിക്കുന്ന തുക ക്വാട്ട് ചെയ്ത തുക തന്നെയാണോയെന്നും പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.ആയതിനാൽ ഈ ഇനത്തിൽ നൽകിയ 122846 രൂപ തടസ്സത്തിൽവെക്കുന്നു.

## 3-3 ജൈവവള വിതരണം - അപാകങ്ങൾ.

പ്രൊജക്ട് നം.106/18.

ചെലവ് :

ബിൽ നം:1/28.10.2017(955440 രൂപ)

ബിൽ നം.4/23.2.2018(43920 രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥൻ:കൃഷി ഓഫീസർ.

ഈ പ്രൊജക്ടിനായി വകയിരുത്തിയിരുന്ന തുക പദ്ധതി വിഹിതം(ജനറൽ) ഇനത്തിൽ 999936 രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 333312 രൂപയുമാണ്. ഈ പ്രൊജക്ടിന്റെ കീഴിൽ 639 ഗുണഭോക്താക്കൾക്കായി 55520കിലോ ജൈവവളം വിതരണം ചെയ്തിട്ടുണ്ട്.ഓരോ വാർഡിലെയും കൺവീനർമാർ ആലക്കോട് സർവ്വീസ് സഹകരണ ബാങ്കിന്റെ കാർത്തികപുരത്തുള്ള വളം ഡിപ്പോയിൽനിന്നും വളം വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്.ഓരോ ഗുണഭോക്താവിനും വളം വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്.എങ്കിലും ഈ പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(1)വളം ലഭ്യമാക്കുന്ന സ്ഥാപനത്തെ തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ജൈവവളം വിതരണം ചെയ്യുന്നതിന് ആലക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ കാർത്തികപുരത്തുള്ള വളം ഡിപ്പോയെ ചുമതലപ്പെടുത്താമെന്ന് 16.9.2017തിയ്യതിയിൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനിച്ചിട്ടുണ്ടെങ്കിലും(തീരുമാനം നം.1/16.9.2017) ഭരണസമിതി ഭരണസമിതി ഈ തീരുമാനം അംഗീകരിച്ചതായി കാണുന്നില്ല.വളം വിതരണത്തിനായി ഈ ഡിപ്പോക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർദ്ദേശം നൽകിയതായുംഫയലിൽ കാണുന്നില്ല.

(2)വളത്തിന്റെ ഇനം നിർദ്ദേശിച്ചിട്ടില്ല.

ഫീൽഡെക്സ് എന്ന കമ്പനിയുടെ എല്ലുപൊടി അടങ്ങിയ ജൈവവളം വിതരണം ചെയ്യുന്നതിനാണ് പ്രൊക്യൂർമെന്റ് കമ്മറ്റി ശുപാർശ ചെയ്തിരിക്കുന്നത്.എന്നാൽ ഇക്കാര്യം കൃഷി ഓഫീസർ ഡിപ്പോ അധികൃതരെ അറിയിച്ചതായി കാണുന്നില്ല.മാത്രമല്ല വിതരണം ചെയ്ത വളമേതെന്ന് വിതരണ രേഖളിൽ പറഞ്ഞിട്ടുമില്ല.വിതരണം ചെയ്യുന്ന വളത്തിന്റെ വില വിവരവും കൃഷി ഓഫീസറെ ഡിപ്പോ അധികൃതർ അറിയിച്ചതായോ ഭരണസമിതി അംഗികരിച്ചതായോ കാണുന്നുമില്ല..അതായത് വളത്തിന്റെ ഇനവും വിലയും ഡിപ്പോ അധികൃതർ തന്നെ നിശ്ചയിച്ചയാണ് കാണുന്നത്.

(3)ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഓരോ വാർഡിന്റെയും കൺവീനർമാർ ആ വാർഡിലെ ഗുണഭോക്താക്കൾക്കാവശ്യമുള്ള വളത്തിന്റെ വില ഡിപ്പോയിൽ അടവാക്കി വളം വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്.പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാന പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ ഗുണഭോക്തൃവിഹിതം സ്വീകരിച്ച് കൃഷി ഓഫീസിൽ അടവാക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്.എന്നാൽ കൺവീനർമാർ ഗുണഭോക്തൃവിഹിതം കൺവീനർമാർ പിരിച്ചെടുത്തതിന്റെയോ, തുക കൃഷി ഓഫീസിൽ അടവാക്കിയതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.എന്നാൽ ഗുണഭോക്താക്കളിൽനിന്നും ഗുണഭോക്തൃ വിഹിതം കൺവീനർ പിരിച്ചെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(4)തുക നിക്ഷേപിച്ച അക്കൌണ്ടിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വളത്തിന്റെ വിലയിനത്തിൽ നൽകിയ ബിൽ നം.1/28.10.2017 ന്റെ തുകയായ 999936 രൂപനൽകിയിരിക്കുന്നത് ആലക്കോട് എസ്.ബി.ഐ യിലെ 10644182325 എന്ന അക്കൌണ്ടിലേക്കാണ് നൽകിയിരിക്കുന്നത്.സർവ്വീസ് സഹകരണ ബാങ്കിന്റെ ഈ അക്കൌണ്ടിന്റെ പാസ് ബുക്കിന്റെ പകർപ്പ്/ഈ അക്കൌണ്ടിലേക്ക് തുക നിക്ഷേപിക്കുന്നതിനുള്ള ഡിപ്പോയിൽനിന്നുള്ള അപേക്ഷ ലഭ്യമാക്കിയിട്ടില്ല.

(5)വിതരണപട്ടികയിലെ പൊരുത്തക്കേട്.

ലഭ്യമാക്കിയിരിക്കുന്ന വിതരണ പട്ടിക പ്രകാരം വാർഡ് നം. Xൽ ആകെ വിതരണം ചെയ്തിരിക്കുന്നത് 3680കിലോ വളവും ഇതിന്റെ ആകെ വില 88320 രൂപയും ആണ്.അതുപോലെ വാർഡ് നം.XIII ൽ ആകെ വിതരണം ചെയ്തിരിക്കുന്നത് 3200കിലോ വളവും ഇതിന്റെ ആകെ വില 76800രൂപയും ആണ്.എന്നാൽ കൺവീനറുടെ പേരിൽ ഡിപ്പോയിൽനിന്നും ലഭ്യമാക്കിയിരിക്കുന്ന ബില്ല് പ്രകാരം വാർഡ് നം.X ലേക്ക് ആകെ വാങ്ങിയിരിക്കുന്നത് 2960 കിലോ മാത്രം വളവും ചെലവഴിച്ചിരിക്കുന്നത് 71040 രൂപയും മാത്രമാണ്(ബിൽ നം.658/10.10.2017,674/16.10.2017).അതുപോലെ വാർഡ് നം.XIIIലേക്ക് ബിൽ പ്രകാരം വാങ്ങിയിരിക്കുന്നത് 3120 കിലോ വളവും ചെലവഴിച്ചിരിക്കുന്നത് 74880 രൂപയും ആണ്.(659/10.10.2017,680/16.10.2017)

ഇത്തരം പ്രവണതകൾ പൊതു പണവിനിയോഗത്തിന്റെ സുതാര്യത ഇല്ലാതാക്കുന്നുവെന്ന കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 സ്ഥലമെടുപ്പ് നടപടിക്രമങ്ങളിലെ അപാകങ്ങൾ.

ഗ്രാമപഞ്ചായത്ത് 2017-18 വർഷം രണ്ട് തവണയായി താഴെ പറയുന്ന സ്ഥലങ്ങൾ വാങ്ങിയിട്ടുണ്ട്.

1)അംഗൻവാടി കെട്ടിടത്തിനായി സ്ഥലം വാങ്ങൽ.(ആധാരം നം.893/1/2017)

തലത്തണ്ണിയിൽ അംഗൻവാടി നിർമ്മാണത്തിനായി വാർഡ് I ൽ 5 സെന്റ് സ്ഥലം വാങ്ങുന്നതിനായി വൊച്ചർ നം.21700078/8.5.2017 പ്രകാരം 3250 രൂപ ആധാരചെലവിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.(സ്ഥലം സൊജന്യമായി

ഉടമസ്ഥൻ കൈമാറിയിരിക്കുന്നതാണ്.)ഗ്രാമപഞ്ചായത്ത് തീരുമാനം 37/17(15) തി.16.3.2017പ്രകാരമാണ് തുക നൽകിയിരിക്കുന്നതെങ്കിലും 2005ലെ കേരള പഞ്ചായത്തീരാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.ഈ ചട്ട പ്രകാരം സ്ഥലമെടുക്കുന്നതിന് മുന്നോടിയായി സ്ഥലം ഉദ്ദേശിച്ച ആവശ്യത്തിന് ഉപയുക്തമാണെന്ന് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ/ജില്ലാ കലക്ടറുടെ സാക്ഷ്യപത്രം വാങ്ങേണ്ടതുണ്ട്.എന്നാൽ മുകളിൽ സൂചിപ്പിച്ച സ്ഥലം വാങ്ങിയതിൽ ഇത്തരമൊരു സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്ത് സ്ഥലം ആർജ്ജിക്കുമ്പോൾ ചട്ടപ്രകാരമുള്ള നടപടികൾ അനുവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2)കാർത്തീകപുരം പാലത്തിന് സമീപമുള്ള സ്ഥലം വാങ്ങൽ.(ആധാരം നം282/I/2018)11250 രൂപ തടസ്സപ്പെടുത്തുന്നു.

കാർത്തീകപുരം പാലത്തിന് സമീപമുള്ള സ്വകാര്യ വ്യക്തിയിൽനിന്നും 4.24സെന്റ് സ്ഥലം മുകളിൽ കാണിച്ച ആധാരം പ്രകാരം ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ട്.ഇതിന്റെ ആധാര ചെലവിനത്തിൽ 11250 രൂപ വൗച്ചർ നം 21700761/30.1.2018 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.ആധാരത്തിൽ സ്ഥലത്തിന്റെ വിലയായി 95000 രൂപ സ്ഥലം വിൽക്കുന്നയാൾ കൈപ്പറ്റിയതായി പറഞ്ഞിട്ടുണ്ട്.എന്നാൽ ഈ തുക നിശ്ചയിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയതായോ, മുകളിൽ സൂചിപ്പിച്ച ചട്ടപ്രകാരമുള്ള നടപടികളോ പാലിച്ചതായോ ഫയലിൽ കാണുന്നില്ല.95000 രൂപ നൽകിയതിന്റെ വൌച്ചറുകളും ലഭ്യമാക്കിയിട്ടില്ല.മാത്രമല്ല ഈ സ്ഥലം ഏറ്റെടുത്തതിന്റെ ഉദ്ദേശ്യവും വ്യക്തമാക്കിയിട്ടില്ല.രണ്ട് സ്ഥലമിടപാട് സംബന്ധിയായും മുകളിൽ പരാമർശിച്ച കാര്യങ്ങളിന്മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.ആയതിനാൽ 21700761/30.1.2018 ചെലവഴിച്ച 11250 രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-മുഴവൻ തുകക്കും മരുന്ന് ലഭ്യമായിട്ടില്ല.

പ്രൊജക്ട് നം.187/18ന്റെ ഭാഗമായി ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്നുവാങ്ങുന്നതിനായി 600000 രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്.(ബിൽ നം.13.12.2017)എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കലുള്ള പ്രൊജക്ട് ഫയൽ,ആയുർവ്വേദ ആശുപത്രിയിലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രകാരം 4,90,836 രൂപയുടെ മരുന്ന് മാത്രമാണ് നാളിതുവരെ വരെ ഔഷധി ലഭ്യമാക്കിയിട്ടുള്ളത്.ഔഷധിയുമായി ഗ്രാമപഞ്ചായത്ത് ചമച്ചിരിക്കുന്ന കരാർ ഉടമ്പടി പ്രകാരം തുക ലഭിച്ച് 60ദിവസത്തിനകം മുഴവൻ മരുന്നുകളും ഔഷധി ലഭ്യമാക്കാത്തപക്ഷം തൻമൂലമുണ്ടാവുന്ന നഷ്ടങ്ങൾക്ക് ഔഷധി ഉത്തരവാദിയായിരിക്കുമെന്ന് പറയുന്നു.എന്നാൽ തുക മുഴവനും നൽകി ഒരു വർഷത്തിലധികമായിട്ടും മരുന്നുകൾ മുഴവനായും ലഭ്യമാക്കാത്തത് ഔഷധിയുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാണ്.മുഴവൻ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ കരാർ ഉടമ്പടി പ്രകാരമുള്ള നിയമനടപടികൾ ഔഷധിക്കെതിരെ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-6 ഗുണഭോക്തൃ സമിതി നടത്തിയ മരാമത്ത് പ്രവൃത്തിയിലെ പൊതു അപാകങ്ങൾ

ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികളിൽ പൊതുവായി കണ്ട പോരായ്മകൾ ചെക്കുറിഞ്ഞി കിണർ റോഡ് ടാറിംഗ് പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| | |
|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ പാസ്സാക്കിയ മസ്റ്റർ റോൾ ഫയലിൽ ലഭ്യമല്ല |
| 2 | കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ട് പാസ്സ് ബുക്ക് ക്യാൻസ്സൽ ചെയ്ത് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. |
| 3 | കരാറിൽ പൂർത്തീകരണ തീയ്യതി ചേർത്തിട്ടില്ല. 1-3-15 ന് കരാർവെച്ച പ്രവൃത്തി പൂർത്തീകരിച്ചത് 15-02-17 ന് മാത്രമാണ്. ഒരു ചെറിയ ചെയിനേജിൽ റോഡ് പ്രവൃത്തിക്ക് ഏതാണ്ട് രണ്ട് വർഷത്തോളം പൂർത്തീകരണ കാലാവധി |

| | |
|---|---|
| | നൽകിയതിന് ന്യായയുക്തമല്ല. |
| 4 | മോണിറ്ററിംഗ് കമ്മിറ്റി മിനുട്സ് ലഭ്യമല്ല |
| 5 | റോഡ് നിർമ്മാണ സാമഗ്രികൾ ഇറക്കുന്നതിന് ക്വട്ടേഷനുകൾ സമർപ്പിച്ചവർ തീയ്യതി ചേർത്തിച്ചില്ല. |
| 6 | അളവു പുസ്തകത്തിൽ കൺവീനർ അളവ് സമ്മതിച്ച് ഒപ്പ് വെച്ചിട്ടില്ല, |
| 7 | കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ തീയ്യതി ചേർത്തിട്ടില്ല. |
| 8 | അളവു പുസ്തകത്തിൽ മെമ്മോ ഓഫ് പേയ്മെന്റ് പാസ്സാക്കി ഒപ്പു വെച്ചിട്ടില്ല. |
| 9 | സൈറ്റ് പ്ലാൻ ഫയലിൽ ഇല്ല. |

## 3-7 അംഗൻവാടി ജീവനക്കാർക്ക് അധിക വേതനം -രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര് : അംഗണവാടി വർക്കർ ഹെൽപ്പർ അധികവേതനം നൽകൽ

പ്രോജക്ട്നമ്പർ : 162/18

അടങ്കൽ : 1007400/-(വികസന ഫണ്ട്,)
ചെലവ്: 868961/-

| ബിൽ നമ്പർ തീയതി | തുക |
|---|---|
| 9/3.1.2018 | 444158 |
| 10/3.1.2018 | 285724 |
| 16.3.2018 | 135179 |
| 19/28.3.2018 | 3900 |
| ആകെ | 868961 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 23 അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും സ.ഉ (സാധാ) 636/16 /തസ്വഭവ 16.02.16 പ്രകാരം വർധിപ്പിച്ച ഹോണറേറിയത്തിന്റെ ആനുപാതിക തുക നല്കുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. എന്നാൽ സഉ(സാധാ)36/2018/സാ.നീ.വ തീയതി 25.01.18, ICDS/B6 /6286/17/സാനീവ 03/02/18, ICDS-B6-6286/17 05.03.18 ഉത്തരവുകളിൽ അങ്കണവാടി വർക്കറുടെയും, ഹെൽപ്പറുടെയും ഓണറേറിയം 01/04/17 പ്രാബല്യത്തിൽ യഥാക്രമം 10000/-രൂപയും 7000/-രൂപയും ആയി വർദ്ധിപ്പിച്ചതിൽ 9000,6000 രൂപ മാറി നല്കാനും അവശേഷിക്കുന്ന 1000രൂപ വീതമുള്ള തുക തദ്ദേശ സ്വയം ഭരണ വിഹിതമായി നല്കാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനു വിരുദ്ധമായി വർക്കർക്ക് 2200രൂപ വീതവും ഹെൽപ്പർക്ക് 1450രൂപ വീതവും 2017 ഏപ്രിൽ മുതൽ ഡിസംബർ വരെ നല്കിയതായി കാണുന്നു.ഈയിനത്തിൽ 729882/(ബിൽ നം.9/3.1.2018,444158 രൂപ,ബിൽ നം.10/3.1.2018 285724രൂപ)യാണ് ചെലവഴിച്ചിട്ടുള്ളത്.ഈ സാഹചര്യത്തിൽ വകുപ്പിൽ നിന്ന് നല്കിയ തുകയുൾപ്പെടെ വർക്കർമാർക്ക് പ്രതിമാസം 10000രൂപയിലും ഹെൽപ്പർമാർക്ക് 7000 രൂപയിലും അധികമായ തുക നല്കിയിട്ടില്ലെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് -സംയുക്ത പരിശോധന നടത്തി

**<u>തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.</u>**

തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ 79775രൂപ2017-18വർഷം ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി ആലക്കോട് സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം 35 തെരുവ് വിളക്കുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്.എന്നാൽ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്താത്തതിനാൽ ഇതിന്റ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 520500 | 137/2017-18പാൽ ഉല്പാദന ബോണസ്<br>159/2017-18 ഭിന്നശ്ശേഷി സ്കോളർഷിപ്പ് | 283000<br>87500 | 150000 |

## 4-2 <u>നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഇല്ല

## 4-3 <u>മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ</u>

ഇല്ല

## 4-4 <u>വായ്പ / വായ്പാതിരിച്ചടവ്</u>

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | 274/2010 27-01-10 | 12445500 | 3733650 | 1244550 | 0 | 2489100 |
| മക്കട് ഷോപ്പിംഗ് | 1280/97/RDB 07-04-2011 | 3675562 | 1470224 | 367556 | 0 | 1102668 |

| കോംപ്ലക്സ് | | | | | | |
|---|---|---|---|---|---|---|

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1419രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-1 | 1419 | ജോജി തോമസ് | 117010102739/08-02-18, 382 രൂപ<br>117010102740/08-02-18, 505 രൂപ<br>117010102741/08-02-18, 532 രൂപ |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84414818 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74449401 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

ചാർജ് ചെയ്യാവുന്നവ സർചാർജ് ചെയ്യാവുന്നവ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | KSA/KNR /C3-144/2018 തീയ്യതി 26-03-2018 | 37, 39(ഭാഗീകം)40, 46, 47 (സർചാർജ് നടപടി) |
| 2001-02 | KSA/KNR /C3-144/2018 തീയ്യതി 26-03-2018 | 3-1 |
| 2004-05 | KSA/KNR /C3-144/2018 തീയ്യതി 26-03-2018 | 3-2,3-1,3-5,3-6,3-7 |
| 2005-06 | KSA/KNR | 3-1, 3-2,3-3, 3-5, 3-7, 3-8(1,2) |

| | | |
|---|---|---|
| | /C3-144/2018 തീയ്യതി 26-03-2018 | |
| 2006-07 | KSA/KNR /C3-144/2018 തീയ്യതി 26-03-2018 | 3-1(1), 3-2(1), 3-2(2) , 3-2(3), 3-3, 3-4, 3-6, 3-7, 3-8,3-9, 3-10,3-12, 3-13, 3-14, 3-15 |
| 2007-08 | KSA/KNR /C3-144/2018 തീയ്യതി 26-03-2018 | 2-2, 2-3, 3-2,3-3,3-4, 3-5,3-6,3-7,3-8, 3-9, 3-10, 3-11,3-12,3-15,3-16 |
| 2008-09 | KSA/KNR /C3-144/2018 തീയ്യതി 26-03-2018 | 3-1, 3-3, 3-8, 3-10 |
| 2009-10 | KSA/KNR /C3-144/2018 തീയ്യതി 26-03-2018 | 2-2,2-4,3-2,3-6,3-7,3-9,3-10(2,3),3-12, 3-13 |
| 2010-11, 2011-12 | KSA/KNR /C3-144/2018 തീയ്യതി 26-03-2018 | 2-2,3-3,3-4,3-6,3-7, 3-12, 3-13,3-14 |
| 2012-13 2013-14 | KSA/KNR /C3-144/2018 തീയ്യതി 26-03-2018 | 3-1, 3-2, 3-3, 3-4,3-5, 3-6 |
| 2014-15 | KSA/KNR /C6-1454/2016 തീയ്യതി 13-10-2017 | 3-1,3-2,3-3,3-4,3-5 |
| 2015-16 | KSA/KNR /C3-64/2017 തീയ്യതി 07-12-2017 | 2-2,2-3,2-4,3-1, 3-4, 3-5, 3-6, 3-7, 3-8 |
| 2016-17 | KSA/KNR /C13-295/2018 തീയ്യതി 11-05-2018 | 2-1, 2-2,2-4, 2-5, 3-1,M 3-2, 3-3,3-4,3-5, 3-7, 3-8 |

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ/കെ.എൻ.ആർ/സി. / /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
e-mail doknr.ksad@kerala.gov.in
Phone:04972707698
തീയ്യതി: .2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF UDAYAGIRI GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10188487.00 |
| Cash | Cash | RP-40(a) | 94489.00 |

| | | | |
|---|---|---|---|
| | Operating | | |
| 110000000 | Tax Revenue | RP-1 | 577700.00 |
| 130000000 | Rental income from Panchayat Properties | RP-3 | 6200.00 |
| 140000000 | Fees & User Charges | RP-4 | 144786.00 |
| 150000000 | Sale & Hire Charges | RP-5 | 180147.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 64782816.00 |
| 171000000 | Interest Earned | RP-9 | 80495.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4743527.00 |
| 350000000 | Other Liabilities | RP-36 | 40500.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2554.00 |
| 311000000 | Earmarked Funds | RP-29 | 920.00 |
| 340000000 | Deposits Received | RP-34 | 1029286.00 |
| 350000000 | Other Liabilities | RP-36 | 125037.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 2237505.00 |
| 460000000 | Loans, Advances and Deposits | RP-47 | 180369.00 |
| | Grand total | | 84414818.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3049699.00 |
| 220000000 | Administrative Expenses | RP-12 | 949305.00 |
| 230000000 | Operations & Maintenance | RP-13 | 2881875.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5796745.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 10881068.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 451450.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1072522.00 |
| 254000000 | Expenditures of Transferred | RP-19 | 48600.00 |

| | | | |
|---|---|---|---|
| | institutions and State Sponsored Schemes | | |
| 255000000 | Maintenance Projects | RP-20 | 5631754.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 609345.00 |
| 350000000 | Other Liabilities | RP-36 | 4171490.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 54413.00 |
| 330000000 | Secured Loans | RP-32 | 1612106.00 |
| 340000000 | Deposits Received | RP-34 | 931383.00 |
| 350000000 | Other Liabilities | RP-36 | 1600304.00 |
| 410000000 | Fixed Assets | RP-38 | 32374118.00 |
| 412000000 | Capital work in Progress | RP-40 | 1753558.00 |
| 460000000 | Loans, Advances and Deposits | RP-47 | 569666.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9937349.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 28068.00 |
| | Grand Total | | 84414818.00 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF UDADYAGIRI GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2168699.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 170950.00 |
| 140000000 | Fee & User Charges | I-4(b) | 186911.00 |
| 150000000 | Sale & Hire Charges | I-5(b) | 185417.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 88576443.00 |
| 171000000 | Interest Earned | I-8 | 80495.00 |
| 180000000 | Other Income | I-9 | 2554.00 |
| | Total Income | | 91371469.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8923101.00 |
| 220000000 | Administrative Expenses | I-11(b) | 949305.00 |
| 230000000 | Operations & Maintenance | I-12(b) | 2906875.00 |
| 240000000 | Interest & Finance Charges | I-13 | 54413.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9592954.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21179660.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 412662.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1072522.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 39463100.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 5631754.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 270000000 | Provisions and Write off | I-16 | 28802.00 |
| 272000000 | Depreciation | I-17(a) | 6805239.00 |
| | Total Expenditure | | 97030387.00 |
| | Gross Surplus/ Deficit of income over Expenditure | | -5658918.00 |
| 280000000 | Prior Period Item | I-18 | 172372.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -5831290.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

## BALANCE SHEET OF UDAYAGIRI GRAMA PANCHAYAT AS ON 31-3-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 8823352.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2171.00 |
| 312000000 | Reserves | B-3 | 65035277.00 |
| | Total Reserve & Surplus | | 73860800.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8306490.00 |
| | Total Grants, Contributions for Specific Purposes | | 8306490.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3591768.00 |
| | Total Loans | | 3591768.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 810894.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 806134.00 |
| | Total Current Liabilities and Provisions | | 1617028.00 |
| | TOTAL LIABILITIES | | 87376086.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86954833.00 |
| 411000000 | Accumulated Depreciation | B-11 | -14118837.00 |
| 412000000 | Capital Work in Progress | B-11(a) | 1753558.00 |
| | Total Fixed Assets | | 74589554.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 146768.00 |
| 440000000 | Pre-paid Expenses | B-16 | 2489100.00 |
| 450000000 | Cash and Bank Balance | B-17 | 9965417.00 |
| 460000000 | Loand, Advances and Deposits | B-18 | 185247.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 12786532.00 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 87376086.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.